"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് വാണിയംകുളം ടി. ആർ. കെ ഹയർ സെക്കണ്ടറി സ്കൂളിലെ ശ്രീമതി. സിനി കെ., യു. പി. എസ്. ടി - യുടെ നിയമന അംഗീകാരവുമായി ബന്ധപ്പെട്ട് സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1694/2026/GEDN** തീയതി,തിരുവനന്തപുരം, 25-02-2026

---

പരാമർശം:-

1. പാലക്കാട് വാണിയംകുളം ടി. ആർ. കെ. ഹയർ സെക്കണ്ടറി സ്കൂൾ മാനേജർ സമർപ്പിച്ച 20/11/2023 തീയതി റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05/02/2025 തീയതിയിലെ DGE/7136/2023-EM1 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 06/11/2025 തീയതിയിലെ ഇഎം3/18246/2025/ഡിജിഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ വാണിയംകുളം ടി.ആർ.കെ ഹയർ സെക്കണ്ടറി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സിനി കെ - യുടെ 20/07/2021 തീയതി മുതലുള്ള നിയമനം നിരസിച്ചതിനെതിരെ ടി സ്കൂൾ മാനേജർ പരാമർശം (1) പുന:പരിശോധനാ ഹർജി സർക്കാർ മുൻപാകെ സമർപ്പിച്ചിരുന്നു.

**2. സ്കൂൾ മാനേജരുടെ വാദം ഇപ്രകാരമാണ് :**

പാലക്കാട് വാണിയംകുളം ടി. ആർ. കെ ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.ടി (എൻ.എസ്) ശ്രീമതി. കെ.കെ. ഷൈലജ 26/10/2020-ൽ സേവനത്തിലിരിക്കെ അന്തരിച്ച ഒഴിവിൽ ടി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ഷീജ കെ - യെ 15/07/2021 മുതലുള്ള എച്ച്.എസ്.ടി (എൻ.എസ്) തസ്തികയിലേക്ക് സ്ഥാനക്കയറ്റം നിരസിച്ചതിനാലാണ് ടിയാളുടെ ഒഴിവിൽ യു.പി.എസ്.ടി ആയി നിയമിതയായ ശ്രീമതി. സിനി കെ - യുടെ നിയമനം നിരസിച്ചതെന്നും എന്നാൽ, ശ്രീമതി എ. കെ. നിഷ എന്ന അപ്പർ പ്രൈമറി അധ്യാപികയെ 15/07/2021 മുതൽ ഹൈസ്കൂൾ ടീച്ചർ (നാച്ചുറൽ സയൻസ്) ആയി മറ്റൊരു റഗുലർ ഒഴിവിലേക്ക് പ്രമോഷൻ നൽകുകയും പ്രസ്തുത പ്രമോഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ശ്രീമതി. ജയശ്രീ എം 15/07/2016 മുതൽ അംഗീകാരം ലഭിക്കാതെ ജോലി ചെയ്തു വന്നിരുന്ന അദ്ധ്യാപികയായിരുന്നു എന്നും ടിയാളുടെ 15/07/2016 മുതലുള്ള നിയമനം 07/10/2021 തീയതിയിലെ സ.ഉ. (സാധാ) നം. 4460/2021/G.EDN സർക്കാർ ഉത്തരവിന്റെ

അടിസ്ഥാനത്തിൽ ശ്രീ. വിനോദ് എം എന്ന അധ്യാപകനെ സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ 15/07/2016 മുതൽ തന്നെ അംഗീകരിച്ച് ശ്രീമതി. ജയശ്രീ എം - ന്റെ നിയമനം ടിയാരിയെ ആദ്യം നിയമിച്ച ഒഴിവിലേക്ക് ക്രമീകരിക്കുകയും, ആയത് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും ആയതിനാൽ ഫലത്തിൽ ശ്രീമതി എ. കെ. നിഷ എന്ന അപ്പർ പ്രൈമറി അധ്യാപികയെ 15/07/2021 മുതൽ ഹൈസ്കൂൾ ടീച്ചർ (നാച്ചുറൽ സയൻസ്) ആയി സ്ഥാനക്കയറ്റം നൽകിയതു മൂലമുള്ള അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ തസ്തിക ഒഴിഞ്ഞ് കിടക്കുകയാണെന്നും മേൽ സാഹചര്യത്തിൽ ശ്രീമതി എ. കെ. നിഷ - യുടെ ഒഴിവിൽ ശ്രീമതി. സിനി.കെ - യുടെ നിയമനം ക്രമീകരിയ്ക്കണമെന്നുമാണ് ടി.ആർ.കെ ഹൈസ്കൂൾ മാനേജരുടെ 20/11/2023 തീയതി പുനപരിശോധനാ ഹർജിയിലെ ആവശ്യം.

**3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വാദങ്ങൾ ഇപ്രകാരമാണ് :**

ശ്രീമതി. സിനി കെ - യുടെ നിയമനം സംബന്ധിച്ച് പരാമർശം (2) കത്തിൽ, പാലക്കാട് വാണിയംകുളം ടി. ആർ. കെ ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്.എസ്.ടി (എൻ.എസ്) ശ്രീമതി. കെ.കെ. ഷൈലജ 26/10/2020-ൽ സേവനത്തിലിരിക്കെ അന്തരിച്ച ഒഴിവിൽ ടി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. ഷീജ കെ.യെ 15/07/2021 ന് എച്ച്.എസ്.ടി (എൻ.എസ്) തസ്തികയിലേക്ക് സ്ഥാനക്കയറ്റം വഴി മാനേജർ നിയമിച്ചു എന്നും അപ്രകാരം ഉണ്ടായ ഒഴിവിലേക്കാണ് ശ്രീമതി. സിനി കെ. യെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായി 20/07/2021 മുതൽ നിയമിച്ചത് എന്നും ശ്രീമതി. ഷീജ കെ.യ്ക്ക് കെ-ടെറ്റ് യോഗ്യത ഇല്ലാത്തതിനാൽ ടിയാളുടെ എച്ച്.എസ്.ടി. (എൻ.എസ്) തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം അംഗീകരിച്ചിട്ടില്ലാത്തതിനാൽ ശ്രീമതി. സിനി കെ - യ്ക്ക് നിലനിൽക്കാൻ ഉള്ള തസ്തിക ലഭ്യമല്ല, സീനിയർമാരായ ശ്രീമതി. നിമ്യ വിജയൻ, ശ്രീമതി. റിതു വത്സൻ, ശ്രീമതി. നിമിഷ എന്നിവരുടെ നിയമനം അംഗീകരിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ ശ്രീമതി. സിനി കെ - യുടെ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചില്ലെന്നും ഇതിനെതിരെയാണ് മാനേജർ സർക്കാരിലേക്ക് റിവിഷൻ അപ്പീൽ സമർപ്പിച്ചിരിക്കുന്നതെന്നും തുടർന്ന് ശ്രീമതി. സിനി കെ - യുടെ സീനിയർ നിയമനാർത്ഥികളുടെ നിയമനം അംഗീകരിച്ചു നൽകിയെങ്കിലും ശ്രീമതി. ഷീജ - യുടെ എച്ച്.എസ്.ടി. സ്ഥാനക്കയറ്റം അംഗീകരിക്കപ്പെടാത്തതിനാൽ ശ്രീമതി. സിനി കെ - യ്ക്ക് നിലനിൽക്കാനുള്ള തസ്തിക ലഭ്യമല്ലാത്തതിനാൽ ടി നിയമനം അപ്രകാരം പരിഗണിക്കാൻ കഴിയില്ലായെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

തുടർന്ന്, ശ്രീമതി. എ. കെ. നിഷ എന്ന അപ്പർ പ്രൈമറി അധ്യാപികയെ 15/07/2021 മുതൽ ഹൈസ്കൂൾ ടീച്ചർ (നാച്ചുറൽ സയൻസ്) ആയി സ്ഥാനക്കയറ്റം നൽകി നിയമിച്ച ഒഴിവിൽ ശ്രീമതി. സിനി കെ - യെ നിയമിച്ച് പുതിയ നിയമന ഉത്തരവ് സമർപ്പിയ്ക്കുന്ന മുറയ്ക്ക് ഭിന്നശേഷി സംവരണം പാലിച്ച് ആയത് പരിഗണിയ്ക്കാമോ എന്നതു സംബന്ധിച്ച് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പരാമർശം (3) കത്ത് പരിശോധിച്ചതിൽ, വാണിയംകുളം ടി ആർ കെ ഹൈസ്കൂളിൽ 2015-2016 വർഷം മുതൽ 2016-2017 വർഷം വരെ 18 യു.പി.എസ്.ടി. തസ്തികകൾ അനുവദിച്ചിരുന്നു എന്നും 2017-2018 വർഷത്തിൽ ഒരു യു പി എസ് ടി തസ്തിക കുറവ് വരുകയും ആകെ 17 തസ്തികകൾ അനുവദിയ്ക്കുകയും ചെയ്തു എന്നും പിന്നീട് 2018-19 വർഷം ഒരു അധിക തസ്തിക അനുവദിച്ച് 18 തസ്തികകൾ അനുവദിച്ചിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്തിരുന്നു. 2018-2019 വർഷത്തിൽ അനുവദിച്ച 18-ാമത്തെ യു.പി.എസ്.ടി തസ്തിക 2016-2017 ന് ശേഷം അനുവദിയ്ക്കുന്ന ആദ്യത്തെ അധിക തസ്തികയാണ് എന്നതിനാൽ കെ.ഇ.ആർ അദ്ധ്യായം 21

വ്യവസ്ഥയനുസരിച്ച് സംരക്ഷിതാദ്ധ്യാപകനെയാണ് ഈ അധിക തസ്തികയിൽ നിയമിക്കേണ്ടത്. എന്നാൽ, 23/01/2023 തീയതിയിലെ സ.ഉ.(പി) നം. 02/2023/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്കൂൾ മാനേജർ 06/02/2021 തീയതിയിലെ സ.ഉ. (പി) നം. 04/2021/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള സമ്മതപത്രം സമർപ്പിക്കുകയാണെങ്കിൽ ശ്രീമതി. സിനിയുടെ നിയമനം 20/07/2021 മുതൽ 23/01/2023 വരെ നോഷണലായും, അതിന് ശേഷം ഭിന്നശേഷി സംവരണ നിയമന വ്യവസ്ഥകൾക്ക് വിധേയമായി താൽക്കാലികമായി ശമ്പള സ്കെയിലിലും അംഗീകരിയ്ക്കാൻ സാധ്യമായിരുന്നു.

18-ാമത്തെ തസ്തിക അധിക തസ്തിക ആയിട്ട് അനുവദിച്ചിട്ടുള്ളതിനാൽ ശ്രീമതി. സിനി കെ - യുടെ 20/07/2021 മുതൽക്കുള്ള നിയമനം അംഗീകരിക്കുന്നതിന് ചട്ടപ്രകാരം കഴിയില്ല. എന്നാൽ നിയമന പ്രൊപ്പോസൽ 2018-2019 വർഷം അനുവദിച്ച അധിക തസ്തികയിലേയ്ക്ക് മാറ്റി സമർപ്പിക്കുന്ന മുറയ്ക്ക്, 23/01/2023 ലെ സ.ഉ. (പി) നം. 02/2023/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം സ്കൂൾ മാനേജർ 06/02/2021 ലെ സ.ഉ. (പി) നം. 04/2021/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരമുള്ള സമ്മതപത്രം കൂടി സമർപ്പിക്കുകയാണെങ്കിൽ ശ്രീമതി സിനി കെ - യുടെ നിയമനം 20/07/2021 മുതൽ 23/01/2023 വരെ നോഷണലായും, അതിന് ശേഷം ശമ്പള സ്കെയിലിലും അംഗീകരിക്കുവാൻ കഴിയുന്നതാണെന്ന് അറിയിച്ചിരിക്കുന്നു. നിലവിൽ 2018-2019 വർഷം അനുവദിച്ചതായ അധിക തസ്തികയിലുള്ള ഒഴിവ് മാത്രമേ 20/07/2021 - ന് സ്കൂളിൽ ലഭ്യമായിട്ടുള്ളൂ എന്ന വിവരവും അറിയിച്ചിരിക്കുന്നു.

4 . മേൽസാഹചര്യത്തിൽ, പാലക്കാട് വാണിയംകുളം ടി.ആർ.കെ ഹയർ സെക്കണ്ടറി സ്കൂളിലെ ശ്രീമതി. സിനി കെ - യുടെ നിയമന പ്രൊപ്പോസൽ 2018-2019 വർഷം അനുവദിച്ച അധിക യു പി എസ് ടി തസ്തികയിലേയ്ക്ക് മാറ്റിക്കൊണ്ടു മാനേജർ സമർപ്പിക്കുന്ന മുറയ്ക്ക്, 23/01/2023 ലെ സ.ഉ. (പി) നം. 02/2023/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം സ്കൂൾ മാനേജർ 06/02/2021 ലെ സ.ഉ. (പി) നം. 04/2021/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരമുള്ള സമ്മതപത്രം കൂടി സമർപ്പിക്കുകയാണെങ്കിൽ ശ്രീമതി സിനി കെ. - യുടെ നിയമനം 20/07/2021 മുതൽ 23/01/2023 വരെ നോഷണലായും, അതിന് ശേഷം ശമ്പള സ്കെയിലിലും അംഗീകരിക്കുന്നതിന് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പാലക്കാട് വാണിയംകുളം ടി.ആർ.കെ ഹയർ സെക്കണ്ടറി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സിനി കെ - യുടെ നിയമനം നിയമനതീയതിയായ 20/07/2021 മുതൽ ശമ്പളസ്കെയിലിൽ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മാനേജർ സമർപ്പിച്ചിരിക്കുന്ന പരാമർശം (1) പുന:പരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പകർപ്പ് :

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് - 678 001.

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട്.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട്.

മാനേജർ, ടി. ആർ.കെ. ഹയർ സെക്കണ്ടറി സ്കൂൾ, വാണിയംകുളം, പാലക്കാട് - 679 522.

ശ്രീമതി. സിനി കെ, യു.പി.എസ്.ടി., ടി. ആർ.കെ. ഹയർ സെക്കണ്ടറി സ്കൂൾ, വാണിയംകുളം, പാലക്കാട് - 679 522.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (08/01/2026 തീയതിയിലെ GE- JA1/604/2025-G.EDN കുറിപ്പ് പ്രകാരം).

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by

Meera S S

Date: 26-02-2026 17:53:13

സെക്ഷൻ ഓഫീസർ